## ശൈഖ് യൂസുഫുൽ ഖറദാവിയുടെ ഫത്‌വ

# ഇന്ത്യയിൽ സായുധ പ്രതിരോധം അനുവദനീയമല്ല

ഡോ. അബ്ദുസ്സലാം വാണിയമ്പലം

**ഇന്ത്യയിൽ സായുധ പ്രതിരോധം എന്ന ആശയവുമായി ചില മുസ്‌ലിം ഗ്രൂപ്പുകൾ രംഗത്തുവന്ന സാഹചര്യത്തിൽ ലോകപ്രശസ്ത പണ്ഡിതനും ആധുനിക ഇസ്‌ലാമിക നവോത്ഥാനത്തിന്റെ മുന്നണിപ്പോരാളിയുമായ ശൈഖ് യൂസുഫുൽ ഖറദാവിയോട് ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി ശൈഖ് എഴുതി നൽകിയ ഫത്‌വയാണ് താഴെ**

**ചോദ്യം:** സമാദരണീയനായ അല്ലാമാ ശൈഖ് യൂസുഫുൽ ഖറദാവി

അസ്സലാമു അലൈകും വറഹ്മത്തുല്ലാഹി വബറകാതുഹു.

ഇന്ത്യയിൽ മുസ്‌ലിം ന്യൂനപക്ഷത്തെ പ്രതിരോധിക്കാനെന്ന വാദവുമായി മുസ്‌ലിംകൾക്കിടയിൽ ചില പുതിയ ഗ്രൂപ്പുകൾ രംഗത്തുവന്നിരിക്കുന്നു. മുസ്‌ലിംകൾക്ക് മേൽ ആക്രമണം നടത്തുന്ന ഹൈന്ദവ ഫാഷിസ്റ്റുകളെ തിരിച്ചടിക്കാനും അവരെ സായുധമായി നേരിടാനുമായി, തങ്ങളോടൊപ്പം ചേരണമെന്ന് അവർ സമുദായത്തെ ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിൽ നിലനിൽക്കുന്ന, ജനാധിപത്യത്തിന്റേതും മതേതരത്വത്തിന്റേതുമായ അന്തരീക്ഷത്തെ ഉപയോഗപ്പെടുത്തി നിയമാനുസൃത മാർഗങ്ങളിലൂടെ ഇസ്‌ലാമിക പ്രബോധനം നടത്തിക്കൊണ്ടിരിക്കുന്ന, അമുസ്‌ലിംകളുമായി സമാധാനപൂർവം സഹവർത്തിക്കണമെന്ന നിലപാട് സ്വീകരിച്ചിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെപ്പോലുള്ള മുസ്‌ലിം സംഘടനകളെ അവർ വിലകുറച്ചുകാണുന്നു.

ചോദ്യം ഇതാണ്: ഇന്ത്യയെപ്പോലുള്ളൊരു രാജ്യത്ത് ശത്രുക്കൾക്കെതിരെ ആയുധപ്രയോഗം- അത് ഇന്ത്യയിലെ ഇസ്‌ലാമിക പ്രബോധനത്തെ പ്രതികൂലമായി ബാധിക്കും എന്നിരിക്കെ- അനുവദനീയമാണോ? ഹിന്ദുക്കളിലാവട്ടെ 90 ശതമാനവും ഇസ്‌ലാമിനെപ്പറ്റി ഒന്നും അറിയാത്തവരും അതേയവസരം മുസ്‌ലിംകളെ ശത്രുക്കളായി ഗണിക്കാത്തവരുമാണ്. എന്നല്ല അവരിലധിക പേരും മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അവകാശങ്ങളെ പ്രതിരോധിക്കുന്നവരും തീവ്ര ഹിന്ദുത്വ നിലപാടുകളെ എതിർക്കുന്നവരുമാണ്- അതിന്റെ ഏറ്റവും നല്ല തെളിവാണ് കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ തീവ്രഹിന്ദുത്വ സംഘടനക്കേറ്റ പരാജയം. മുസ്‌ലിംകൾക്കു മേൽ ആക്രമണം നടത്തുന്നവർ ഹിന്ദുക്കളിൽ ഒരു ന്യൂനാൽ ന്യൂനപക്ഷം മാത്രം. എന്നിരിക്കെ, ആ ന്യൂനപക്ഷത്തെ തിരിച്ചടിക്കാൻ ആയുധപ്രയോഗം നടത്തുന്നത് അവരിലെ ഭൂരിപക്ഷത്തിനു മുസ്‌ലിംകളോടുള്ള അനുകമ്പയെ കൂടി ഇല്ലാതാക്കുകയും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഭാവിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്ന് ഞങ്ങൾ ആശങ്കിക്കുന്നു. മക്കീ കാലഘട്ടത്തിൽ യുദ്ധം വിലക്കിയ സാഹചര്യങ്ങൾ ഞങ്ങളുടെ ഇന്ത്യൻ സാഹചര്യത്തിലും ബാധകമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഈ വിഷയത്തിൽ എന്താണ് താങ്കളുടെ അഭിപ്രായം?

**മറുപടി:** മതവിധികളെ അല്ലെങ്കിൽ പ്രമാണങ്ങളെ അസ്ഥാനത്ത് ഉപയോഗിക്കുന്നത് വലിയ തെറ്റാണ്. വാക്കുകളെ അവയുടെ സ്ഥാനത്തുനിന്ന് മാറ്റിമറിക്കുകയെന്ന, ഖുർആൻ അപലപിച്ച കൃത്യങ്ങളിലൊന്നാണത്.

ചില മുസ്‌ലിംകൾ ആയുധം അല്ലെങ്കിൽ സൈനിക ശക്തി അസ്ഥാനത്ത് പ്രയോഗിക്കുന്നത് അതിൽപെടുന്നു. അല്ലാഹു മുസ്‌ലിംകൾക്ക് നിർബന്ധമാക്കിയ ജിഹാദാണതെന്നാണ് അവരുടെ വാദം. തങ്ങളെ തകർക്കാനും നിന്ദിക്കാനും നിർമൂലനം ചെയ്യാനും ശ്രമിക്കുന്ന ആക്രമണശക്തികൾക്കെതിരെ സ്വന്തത്തെ പ്രതിരോധിക്കുകയാണെന്നാണ് അവർ കരുതുന്നത്.

وَقَٰتِلُوا۟ فِى سَبِيلِ ٱللَّهِ ٱلَّذِينَ يُقَٰتِلُونَكُمْ وَلَا تَعْتَدُوٓا۟ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ﴿١٩٠﴾

(നിങ്ങളോട് സമരം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ സമരം ചെയ്യുക. എന്നാൽ അതിക്രമം പ്രവർത്തിച്ചുകൂടാ. എന്തെന്നാൽ അതിക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല -*അൽബഖറ* 190) എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ.

എതിരാളികൾക്കെതിരെ സായുധശക്തി പ്രയോഗിക്കുമ്പോൾ ചില ഉപാധികളും നിയമങ്ങളും ദീക്ഷിക്കേണ്ടതുണ്ടെന്ന കാര്യം, ശുദ്ധഗതിക്കാരായ ഈ സഹോദരന്മാർ മറന്നിരിക്കുന്നു:

ഒന്ന്, ശക്തിപ്രയോഗം 'അൽ ജമാഅത്തി'ന്റെ പ്രവർത്തനത്തിൽപെട്ടതാണ്. അതിനാലാണ് നമ്മുടെ പണ്ഡിതന്മാർ പറഞ്ഞത്, ഇമാമിന്റെ അനുവാദമില്ലാതെ ജിഹാദില്ലെന്ന്. കാരണം കാര്യങ്ങൾ അരാജകത്വമാകാവതല്ല. സമൂഹത്തിനും ഉമ്മത്തിനും ബാധിക്കുന്ന നഷ്ടങ്ങളും ദുരിതങ്ങളും പരിഗണിക്കാതെ തോന്നുന്നവരൊക്കെ യുദ്ധം പ്രഖ്യാപിക്കുന്ന അവസ്ഥയുണ്ടായിക്കൂടാ.

മുസ്‌ലിംകൾക്ക് ഒരു രാഷ്ട്രവും ഒരു ഇമാമുമില്ലാത്ത സാഹചര്യത്തിലും അവർക്ക് കാര്യപ്രാപ്തിയുള്ള ഒരു നേതൃസംഘം (أهل الحل والعقد) അനിവാര്യമായും ഉണ്ടായിരിക്കണം. സമാധാനം, യുദ്ധം, സുരക്ഷിതത്വം, നീതി എന്നീ കാര്യങ്ങളിൽ മുസ്‌ലിംകൾ അവരെ അവലംബിക്കണം. അഥവാ ഒരു

ഇമാമിന്റെ അഭാവത്തിൽ, അവർ ഇമാമിന്റെ സ്ഥാനത്തു നിൽക്കുന്നവരായിരിക്കും. പകരം ഓരോ ഗ്രൂപ്പും സ്വയം ഇമാമാവുകയും ഇമാമിന്റെ അധികാരം സ്വന്തത്തിനു നൽകുകയും എന്നിട്ട് യുദ്ധം പ്രഖ്യാപിക്കുകയും പ്രഖ്യാപിക്കാതിരിക്കുകയുമൊക്കെ ചെയ്യുന്നത് ഒരൊറ്റ മുസ്‌ലിം പണ്ഡിതനും അംഗീകരിച്ചിട്ടില്ല.

രണ്ട്, സായുധപോരാട്ടം നടത്തുന്നവർ സായുധപോരാട്ടത്തിനും ഏറ്റുമുട്ടലിനും ആവശ്യമായ ശക്തി സംഭരിച്ചിരിക്കണം. എണ്ണവും സജ്ജീകരണവുമുണ്ടായിരിക്കണം. ശത്രുവിന്റെ വലുപ്പത്തിനും ശക്തിക്കുമൊത്തവിധം ആയുധങ്ങളുണ്ടായിരിക്കണം. അതിനാലാണ്, ശത്രുവിനെ നേരിടുമ്പോൾ അവർ തങ്ങളുടെ ഇരട്ടിയിലധികമുണ്ടെങ്കിൽ പിന്തിരിഞ്ഞോടുന്നത് മുസ്‌ലിംകൾക്ക് അനുവദനീയമാണെന്ന് പണ്ഡിതന്മാർ പറഞ്ഞത്. കാരണം, സ്വന്തത്തെ വധിക്കാനോ നാശത്തിലേക്ക് എടുത്തെറിയാനോ അല്ലാഹു അവരെ നിർബന്ധിച്ചിട്ടില്ല. അതുകൊണ്ടാണ് ഖാലിദുബ്നു വലീദും കൂടെയുള്ള സ്വഹാബികളും മുഅ്തഃ യുദ്ധത്തിൽ റോമക്കാരുമായുള്ള ഏറ്റുമുട്ടലിൽനിന്ന് പിന്തിരിഞ്ഞത്. റോമക്കാർ മുസ്‌ലിംകളുടെ ഇരട്ടിയിരട്ടിയുണ്ടായിരുന്നു. അവർ മദീനയിൽ തിരിച്ചെത്തിയപ്പോൾ ചില അത്യാവേശക്കാരായ സ്വഹാബിമാർ അവരെ 'പിന്തിരിഞ്ഞോടിയവർ' എന്നു വിളിച്ചപ്പോൾ നബി(സ) മറുപടി പറഞ്ഞു: 'അവർ ശത്രുവിനുമേൽ ചാടിവീഴുന്നവരാകുന്നു' (ഹാകിം).

ആയതിനാൽ ഇന്ത്യ പോലുള്ളൊരു രാജ്യത്ത് ഹിന്ദുക്കളാണ് മഹാഭൂരിപക്ഷം എന്നിരിക്കെ, അവരുടെ കൈയിലാണ് സൈന്യവും പോലീസും ആയുധവും അധികാരവും എന്നിരിക്കെ, അവരോട് സായുധ പോരാട്ടത്തിനൊരുമ്പെടുന്നത് ഒരു തരത്തിലുള്ള ആത്മഹത്യയാണ്. ശരീഅത്ത് അത നുവദിച്ചിട്ടില്ല. അതുകൊണ്ടാണ് തിന്മ തടയുന്നതിനെപ്പറ്റിയുള്ള സ്വഹീഹായ ഹദീസിൽ പറഞ്ഞത്: 'നിങ്ങളിലൊരാൾ തിന്മ കണ്ടാൽ കൈകൊണ്ട് അതിനെ മാറ്റട്ടെ. അതിനു കഴിയാത്തവൻ നാവുകൊണ്ട്. അതിനും കഴിയാത്തവൻ അവന്റെ ഹൃദയം കൊണ്ട്. അത് ഏറ്റവും ദുർബലമായ ഈമാനാകുന്നു' (മുസ്‌ലിം).

മൂന്ന്, ആയുധപ്രയോഗം പോലുള്ള പ്രത്യാഘാതവും അപകടവുമുള്ള പ്രവർത്തനം ചെയ്യുമ്പോൾ ഒരു മുസ്‌ലിം ആലോചിക്കാതിരിക്കുകയില്ല; തന്റെ ചെയ്തി തന്റെ സമൂഹത്തിനും സംഘത്തിനും മേൽ എന്ത് പ്രതിഫലനമുണ്ടാക്കും എന്ന്. ആ പ്രതിഫലനം നിർമാണാത്മകമോ നിഷേധാത്മകമോ? ഉപകാരപ്രദമോ ഉപദ്രവകരമോ?

സംശയമില്ല, ഏതാനും വ്യക്തികൾ നടത്തുന്ന ഇതുപോലുള്ള പ്രവർത്തനങ്ങൾ 200 മില്യനോളം വരുന്ന ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തിന് അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. എന്നല്ല, അത്യധികം ഹാനികരമായിരിക്കും അത്. തന്റെ സമുദായത്തിന് ഉപദ്രവകരമാകുന്ന ഒരു പ്രവർത്തനം ചെയ്യാൻ മുസ്‌ലിമിന് അനുവാദമില്ല. കാരണം, സമൂഹത്തിന്റെ അവകാശങ്ങൾക്ക് വ്യക്തികളുടെ അവകാശങ്ങളേക്കാൾ മുൻഗണന കൽപിക്കപ്പെടേണ്ടതുണ്ട്.

ഇതേക്കുറിച്ചാണ് പണ്ഡിതന്മാർ, പരിണിതഫലങ്ങളുടെ കർമശാസ്ത്രം (فقه المآلات - *ഫിഖ്ഹുൽ മആലാത്ത്*) എന്നു പറയുന്നത്. അതായത് ഒരാൾ തന്റെ പ്രവർത്തനത്തിന്റെ പരിണിതഫലമെന്തെന്നു പരിശോധിക്കുക. ആ പ്രവർത്തനത്തെ തുടർന്നുണ്ടാകുന്ന പ്രതിഫലനങ്ങൾ തനിക്കും മറ്റുള്ളവർക്കും എങ്ങനെയാണ് ബാധിക്കുക എന്നു നോക്കുക. വിശേഷിച്ചും സായുധപ്രവർത്തനങ്ങൾ, അതപകടകരമാണെന്നതിനാൽ.

മൂസായുടെയും ഹാറൂന്റെയും (അ) കഥയിൽ ഖുർആൻ ഈ ഫിഖ്ഹാണ് നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ബിംബങ്ങളെ ശകാരിക്കുന്നതിനെ നിരോധിക്കുമ്പോഴും ഈ ഫിഖ്ഹ്തന്നെയാണ് പഠിപ്പിക്കുന്നത്. അത് ബഹുദൈവവിശ്വാസങ്ങളെ പ്രകോപിപ്പിക്കുകയും അവരുടെ ദൈവങ്ങളെ നാം ശകാരിക്കുന്നതിന് പ്രതികരണമായി അവർ അല്ലാഹുവിനെ ശകാരിക്കുകയും ചെയ്യും:

وَلَا تَسُبُّوا۟ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ فَيَسُبُّوا۟ ٱللَّهَ عَدْوًۢا
بِغَيْرِ عِلْمٍۢ ۗ كَذَٰلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ ثُمَّ إِلَىٰ رَبِّهِم مَّرْجِعُهُمْ
فَيُنَبِّئُهُم بِمَا كَانُوا۟ يَعْمَلُونَ ﴿١٠٨﴾

(ഈ ജനം അല്ലാഹുവിനെ വെടിഞ്ഞ് വിളിച്ചുപ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെ നിങ്ങൾ ആക്ഷേപിച്ചുകൂടാത്തതാകുന്നു. അങ്ങനെ, അവരുടെ ബഹുദൈവവിശ്വാസം വിജൃംഭിച്ച്, അജ്ഞതയാൽ അവർ അല്ലാഹുവിനെ ആക്ഷേപിക്കാൻ ഇടയായിക്കൂടാ. നാമാണെങ്കിൽ ഈവിധം സകല ജനവിഭാഗങ്ങൾക്കും അവരവരുടെ കർമം അലങ്കാരമാക്കിക്കൊടുത്തിട്ടുണ്ട്. പിന്നീടവർ തങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ചുവരേണ്ടവരാകുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്തായിരുന്നുവെന്ന് അപ്പോൾ അവൻ അവർക്ക് വിശദീകരിച്ചുകൊടുക്കും-*അൽഅൻആം* 108).

ന്യൂനപക്ഷം, അധികാരവും ശക്തിയുമുള്ള ഭൂരിപക്ഷത്തെ പ്രകോപിപ്പിക്കുകയെന്നത് യുക്തിയോ ഗുണകരമോ അല്ല. ന്യൂനപക്ഷത്തിന് നഷ്ടം സംഭവിക്കുന്നതിലായിരിക്കും സാധാരണഗതിയിൽ അത് കലാശിക്കുക.

നാല്, ഒന്നിലധികം രാജ്യങ്ങളിൽ ചില സംഘടനകൾ ഭരണകൂടത്തിനെതിരെ ശക്തിപ്രയോഗിച്ചത് ഇക്കാലഘട്ടത്തിൽ സമുദായം പരിചയിച്ചറിഞ്ഞിട്ടുള്ളതാണ്. രാഷ്ട്രത്തിന്റെ ശക്തിക്കു മുമ്പിൽ ആ സംഘടനകൾ പരാജയപ്പെടുകയാണുണ്ടായത്. ഈജിപ്തിലെ 'അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യ' ഉദാഹരണം. 'പുനർവിചിന്തനങ്ങൾ' (അൽ മുറാജആത്ത്) എന്ന് പേരിട്ട് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളിൽ അവരത് വ്യക്തമാക്കിയിട്ടുണ്ട്. സ്വന്തത്തെക്കുറിച്ച് പുനർവിചിന്തനം നടത്തുകയും സ്വന്തം തെറ്റുകൾ സമ്മതിക്കുകയും അപൂർവമായ ആർജവത്തോടെ അവരത് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. പ്രശംസനീയമായ നടപടിയായിരുന്നു അത്.

ഭൂരിപക്ഷ ഹിന്ദുസമൂഹവുമായി സമാധാനപൂർവമായ സഹവർത്തിത്വത്തിന്റെ മാർഗമാണ് ഇന്ത്യയിലെ പണ്ഡിതന്മാരും പ്രബോധകരും ചിന്തകരും രാഷ്ട്രീയക്കാരുമായ മുസ്‌ലിം നേതാക്കൾ അംഗീകരിച്ചിരിക്കുന്ന മാർഗം. ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ സ്ഥാപകൻ അല്ലാമാ മൗദൂദിയും അംഗീകരിച്ചിരിക്കുന്ന മാർഗവും അതുതന്നെ. ദയൂബന്ദ് പണ്ഡിതന്മാരും നദ്‌വത്തുൽ ഉലമാ പണ്ഡിതന്മാരും മറ്റു വൈജ്ഞാനിക-പ്രബോധന-സംസ്കരണ-സാമൂഹിക-രാഷ്ട്രീയ സംഘടനകളും അംഗീകരിച്ച മാർഗവും മറ്റൊന്നല്ല.

അതുതന്നെയാകുന്നു നേരായ, ചൊവ്വായ മാർഗം എന്നും, തങ്ങളുടെ രാജ്യത്തെ പണ്ഡിതന്മാരും പരിണിതപ്രജ്ഞരുമായ ആളുകളുടെ നിലപാടുകൾക്കൊപ്പം നിൽക്കുകയും സമുദായത്തിന്റെ കൂട്ടായ വികാരത്തിനു പുറത്ത് കടക്കാതിരിക്കുകയാണ് ഇന്ത്യയിലെ മുസ്‌ലിം ഉമ്മത്ത് ചെയ്യേണ്ടതെന്നും ഞാൻ വിശ്വസിക്കുന്നു.

അല്ലാഹു, അവന് തൃപ്തികരമായത് ചെയ്യാൻ എല്ലാവർക്കും തൗഫീഖ് നൽകട്ടെ-ആമീൻ. ■